**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1154** **15-10-2026-ൽ മറുപടിയ്ക്ക്**

**കേരളത്തിൽ ദേശീയപാതയുടെ വശങ്ങളിലെ കെട്ടിട നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ദേശീയപാതയുടെ മധ്യരേഖയിൽ നിന്ന് 40 മീറ്റർ പരിധിയിൽ വാസഗൃഹങ്ങൾക്കും 75 മീറ്റർ പരിധിയിൽ വാണിജ്യ കെട്ടിടങ്ങൾക്കും നിർമ്മാണ നിയന്ത്രണം ഏർപ്പെടുത്തണമെന്ന സുപ്രീം കോടതി നിർദേശത്തിന്റെ പശ്ചാത്തലത്തിൽ, കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും പരിമിതമായ ഭൂലഭ്യതയും പരിഗണിച്ച് സർക്കാരിന്റെ നിലപാട് എന്താണ്; വ്യക്തമാക്കുമോ;

**മറുപടി:** ദേശീയപാതകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി സുപ്രീം കോടതി, സുവോ മോട്ടോ റിട്ട് പെറ്റീഷൻ(സി) നം. 9/2025 മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ ഖണ്ഡിക 4(ഡി), 4(ഇ) എന്നീ നിർദേശങ്ങൾ, സംസ്ഥാനത്തിൽ വലിയ പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നാണ് സർക്കാരിന്റെ നിലപാട്. കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയും, പരിമിതമായ ഭൂലഭ്യതയും, ദേശീയപാതയോരങ്ങളിൽ തുടർച്ചയായി വികസിക്കപ്പെട്ട നഗര-ഗ്രാമ വാസസ്ഥലങ്ങളും കണക്കിലെടുക്കുമ്പോൾ, ദേശീയപാത മദ്ധ്യരേഖയിൽ നിന്നുള്ള ഈ നിയന്ത്രണം പ്രായോഗികമായി നടപ്പിലാക്കാൻ പ്രയാസമാണ്. അതിനാൽ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്കും യാഥാർത്ഥ്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ, സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മാണങ്ങൾ ക്രമീകരിക്കാൻ അനുമതി വേണമെന്നതാണ് സർക്കാരിന്റെ നിലപാട്.

**(ബി)** കേരളത്തിന് പ്രത്യേക ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെയും സുപ്രീം കോടതിയെയും സമീപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

**മറുപടി:** ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദേശത്തിൽ വ്യക്തതയും കേരളത്തിന് പ്രത്യേക ഇളവുകളും ആവശ്യപ്പെട്ട് ബഹു. കോടതിയിൽ സംസ്ഥാന സർക്കാർ ഇടക്കാല അപേക്ഷ (രജി.നം./ ഐ.എ.നം. 296745/2026) സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഇടക്കാല അപേക്ഷയിലൂടെ ചുവടെ ചേർത്തിരിക്കുന്ന ആവശ്യങ്ങളാണ് ബഹു. സുപ്രീം കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

i) ദേശീയപാത സെന്റർ ലൈനിൽ നിന്നുള്ള 40 മീറ്റർ / 75 മീറ്റർ നിയന്ത്രണത്തിന് പകരം അനുയോജ്യമായ സ്ഥലങ്ങളിൽ റോഡ് അതിർത്തിയിൽ നിന്നോ / റൈറ്റ് ഓഫ് വേ-യുടെ അരികിൽ നിന്നോ അളവുകൾ തിട്ടപ്പെടുത്തി, IRC:SP:15-1996, IRC:73-2023 എന്നിവയ്ക്ക് അനുസൃതമായി, കോറിഡോർ അധിഷ്ഠിതവും സുരക്ഷാ കേന്ദ്രീകൃതവുമായ കെട്ടിട നിർമ്മാണ പരിധികളും സെറ്റ്ബാക്കുകളും മുഖേന, ബഹു. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിലെ ഖണ്ഡിക4(e) നിർദ്ദേശം കേരളം സംസ്ഥാനത്ത് നടപ്പിലാക്കാവുന്നതാണെന്ന് നിർദ്ദേശിക്കുകയും/വ്യക്തമാക്കുകയും ചെയ്യുക.

ii) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും, ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള മറ്റു ഗതാഗത നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടും, ദേശീയപാതകളിലെ നിലവിലുള്ള പദ്ധതിച്ചട്ടക്കൂടുകളുമായി മുന്നോട്ട് പോകാൻ കേരളം സംസ്ഥാനത്തെ അനുവദിക്കുന്ന രീതിയിൽ 13.04.2026-ലെ ഇടക്കാല ഉത്തരവ് ഭേദഗതി വരുത്തുകയും വ്യക്തമാക്കുകയും ചെയ്യുക.

iii) മദ്ധ്യരേഖാധിഷ്ഠിത നിയന്ത്രണം എന്ന ഒറ്റക്കാരണത്താൽ, നിലവിലുള്ള നിയമവിധേയമായ കെട്ടിടങ്ങളുടെ/നിർമ്മിതികളുടെ നിയമപരമായ അറ്റകുറ്റപ്പണികൾ, സംരക്ഷണം, പുനർനിർമ്മാണം, പുതുക്കിപ്പണിയൽ അല്ലെങ്കിൽ പുനർവികസനം എന്നിവ 4(e) ഖണ്ഡിക തടസ്സപ്പെടുത്തുന്നില്ലെന്നും, ദേശീയപാതയോട് ചേർന്നു കിടക്കുന്ന ബാക്കി സ്ഥലങ്ങളെ നിയമപരമായി ബാധകമായ സെറ്റ്ബാക്കുകൾക്കപ്പുറത്തേക്ക് ഉപയോഗശൂന്യമാക്കുന്ന രീതിയിൽ ഈ ഉത്തരവ് പ്രവർത്തിക്കില്ലെന്നും വ്യക്തമാക്കുക.

iv) ബഹു. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിലെ ഖണ്ഡിക 4(d) യിലെ 'ഹൈവേ സേഫ്റ്റി സോൺ' എന്ന പ്രയോഗത്തിന്റെ വ്യാപ്തി വ്യക്തമാക്കുകയും യുക്തിസഹമാക്കുകയും ചെയ്യുക; കൂടാതെ, നിലവിലുള്ള സർവീസ് റോഡുകൾക്ക് പിന്നിൽ സ്ഥിതിചെയ്യുന്നതോ അല്ലെങ്കിൽ അംഗീകൃത നഗര/ജനവാസ മേഖലകളിലുള്ളതോ ആയ നിയമപരമായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുകയോ അവരുടെ ട്രേഡ് ലൈസൻസുകൾ/എൻ.ഒ.സി കൾ കാരണമില്ലാതെ റദ്ദാക്കപ്പെടുകയോ പുതുക്കി നൽകാതിരിക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാൻ, ദേശീയപാതയിലേക്ക് നേരിട്ടും നിയന്ത്രണമില്ലാതെയും പ്രവേശനമുള്ളതോ അതല്ലെങ്കിൽ ഹൈവേ സുരക്ഷയ്ക്ക് വ്യക്തമായ ഭീഷണിയുയർത്തുന്നതോ ആയ വസ്തുക്കൾക്ക് മാത്രം മുൻകൂട്ടിയുള്ള ദേശീയപാത അതോറിറ്റി/പൊതുമരാമത്ത് വകുപ്പ് അനുമതിയും ട്രേഡ് ലൈസൻസ്/എൻ.ഒ.സി പരിശോധനകളും പരിമിതപ്പെടുത്താൻ നിർദ്ദേശിക്കുക.

**സെക്ഷൻ ഓഫീസർ**